# കേരള സർവകലാശാല

നം. പി.ആർ.035/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### നാഷണൽ സ്കോളർഷിപ്പ് : തെറ്റായ വിവരം 17-നകം തിരുത്തണം

നാഷണൽ സ്കോളർഷിപ്പിന് വേണ്ടി ഓൺലൈൻ അപേക്ഷ സമർപ്പിച്ച അഫിലിയേറ്റഡ് കോളേജുകളിൽ നിന്നുള്ള ചില വിദ്യാർത്ഥികൾ തങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര് കേരള സർവകലാശാല എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത വിദ്യാർത്ഥികൾ ഫെബ്രുവരി 17-നകം അതത് കോളേജിന്റെ പേര് തന്നെ വിദ്യാഭ്യാസ സ്ഥാപനമായി തിരുത്തേണ്ടതാണ്.

### ബി.എസ്.ഡബ്ല്യു

കേരള സർവകലാശാല നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എസ്.ഡബ്ല്യു, ജനുവരിയിൽ നടത്തിയ ഒന്ന്, മൂന്ന് സെമസ്റ്റർ ബി.എസ്.ഡബ്ല്യു പരീക്ഷകളുടെ വൈവ മാർച്ച് രണ്ട് മുതൽ 13 വരെ അതത് കോളേജുകളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എസ്‌സി ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ കരിയർ റിലേറ്റഡ് നാലാം സെമസ്റ്റർ ബി.എസ്‌സി ഫിസിക്സ് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, കെമിസ്ട്രി ആൻഡ് ഇൻഡസ്ട്രിയൽ കെമിസ്ട്രി, എൻവയോൺമെന്റൽ സയൻസ് & എൻവയോൺമെന്റ് ആൻഡ് വാട്ടർ മാനേജ്മെന്റ്, ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് സയൻസ് (2014 റഗുലർ, 2013 സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എ.എസ്.എൽ.പി പരീക്ഷ

കേരള സർവകലാശാല മാർച്ച് 20-ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ് & പഴയ സ്കീം) പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 20 (50 രൂപ പിഴയോടെ ഫെബ്രുവരി 22, 250 രൂപ പിഴയോടെ ഫെബ്രുവരി 25) വരെ ഫീസ് അടക്കാം.

### പ്രോജക്ട് ഫെലോ, പ്രോജക്ട് അസിസ്റ്റന്റ് : അപേക്ഷ ക്ഷണിച്ചു.

കേരള സർവകലാശാല കാര്യവട്ടം എൻവയോൺമെന്റൽ സയൻസസ് പഠനവകുപ്പിൽ പ്രോജക്ടിലേക്ക് പ്രോജക്ട് ഫെലോ, പ്രോജക്ട് അസിസ്റ്റന്റ് താൽകാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും. അവസാന തീയതി ഫെബ്രുവരി 20.

## ടെക്നീഷ്യൻ : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല കാര്യവട്ടം എസ്.ഐ.സി.സി-യിൽ കരാറടിസ്ഥാനത്തിൽ ടെക്നീഷ്യൻ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത, പ്രവൃത്തി പരിചയം, മറ്റ് വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 15 വൈകുന്നേരം 5.15 വരെ.

## എം.ബി.ബി.എസ് ഫലം

കേരള സർവകലാശാല 2016 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം വർഷ എം.ബി.ബി.എസ് (പാർട്ട് ഒന്ന്) പരീക്ഷ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് മൂന്ന് വരെ അപേക്ഷിക്കാം.

## മാർക്ക്ലിസ്റ്റ് കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂലൈ/ആഗസ്റ്റിൽ നടത്തിയ എം.എ മ്യൂസിക് പ്രീവിയസ്, ഫൈനൽ (റഗുലർ/ റീ അപ്പിയറൻസ്) പരീക്ഷയുടെ മാർക്ക്ലിസ്റ്റുകൾ പാളയം വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ ഫെബ്രുവരി 16-ന് ഹാൾടിക്കറ്റും, ഡിഗ്രി കോപ്പിയും സഹിതം വന്ന് കൈപ്പറ്റണം.

## എൽ.എൽ.ബി ടൈംടേബിൾ

കേരള സർവകലാശാല ഫെബ്രുവരി 27-ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ (ത്രിവൽസരം), ഒമ്പതാം സെമസ്റ്റർ (പഞ്ചവത്സരം) - (2011-12-ന് മുമ്പുള്ള അഡ്മിഷനുകൾ - കോമൺ ഫോർ മേഴ്സി ചാൻസ്) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി & ഇൻഫർമേഷൻ സയൻസ് : സീറ്റൊഴിവ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി & ഇൻഫർമേഷൻ സയൻസ് കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. കാലാവധി ആറ് മാസം. യോഗ്യത പ്ലസ്ടു/ പ്രീഡിഗ്രി ജയം.. ഫീസ് 7500 രൂപ. ക്ലാസ്സുകൾ ശനി, ഞായർ ദിവസങ്ങളിൽ താൽപര്യമുള്ളവർ പി.എം.ജി-യിലുള്ള തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ : 0471-2302523

## ത്രിദിന രാജ്യാന്തര സെമിനാർ.

കേരള സർവകലാശാല കാര്യവട്ടം ക്രിസ്ത്യൻ സ്റ്റഡി സെന്റർ ഫോർ കൾചറൽ ആൻഡ് സോഷ്യൽ ചെയ്ഞ്ച്-ന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 16, 17, 18 തീയതികളിൽ രാജ്യാന്തര സെമിനാർ നടത്തുന്നു. ഫെബ്രുവരി 16 രാവിലെ 10 മണിയ്ക്ക് പ്രോ-വൈസ് ചാൻസലർ ഡോ. എൻ. വീരമണികണ്ഠൻ, ലിംഗ്വസ്റ്റിക്സ് പഠനവകുപ്പ് സെമിനാർ ഹാളിൽ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ മുൻ ഡി.ജി.പി അലക്സാണ്ടർ ജേക്കബ് ഐ.പി.എസ് മുഖ്യാതിഥിയായിരിക്കും. ഫോൺ : 9446904488

## ദേശീയ സെമിനാർ.

കേരള സർവകലാശാല കാര്യവട്ടം ഡെമോഗ്രഫി പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 16, 17, 18 തീയതികളിൽ ദേശീയ സെമിനാർ നടത്തുന്നു. ഫെബ്രുവരി 16 രാവിലെ 10.30-ന് ബഹു. പൊതു മരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പ് സെമിനാർ ഹാളിൽ സെമിനാർ ഉദ്ഘാടനം ചെയ്യും. പ്രോ-വൈസ് ചാൻസലർ ഡോ. എൻ. വീരമണികണ്ഠൻ അദ്ധ്യക്ഷം വഹിക്കുന്ന ചടങ്ങിൽ സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. കെ.എച്ച്. ബാബുജൻ, അഡ്വ. എ.എ. റഹിം, ഡോ. രാധാമണി പി.എം. എന്നിവർ പങ്കെടുക്കും.

## രാജ്യാന്തര സെമിനാർ

കേരള സർവകലാശാല കാര്യവട്ടം കോമേഴ്സ് പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 16, 17, 18 തീയതികളിൽ രാജ്യാന്തര സെമിനാർ നടത്തുന്നു. ഫെബ്രുവരി 16 രാവിലെ 11 മണിയ്ക്ക് ശ്രീ. കെ.ആർ. ജ്യോതിലാൽ ഐ.എ.എസ് സെനറ്റ് ഹൗസ് കാമ്പസിൽ ഉദ്ഘാടനം ചെയ്യും. പ്രോ-വൈസ് ചാൻസലർ ഡോ. എൻ. വീരമണികണ്ഠൻ അദ്ധ്യക്ഷം വഹിക്കും.

## ബി.എ/ബി.കോം/ബി.പി.എ ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്. നാലാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് ആൻഡ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, മലയാളം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ, ജേർണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ ആൻഡ് വീഡിയോ പ്രൊഡക്ഷൻ, കമ്മ്യൂണിക്കേറ്റീവ് അറബിക്, ബി.കോം കൊമേഴ്സ് ആൻഡ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് - (2013 & 2014 അഡ്മിഷൻ), ബി.പി.എ (2013 & 2014 അഡ്മിഷൻ, 2013 അഡ്മിഷന് മുമ്പുള്ളത്) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എം - എം.എ.എം ഫലം

കേരള സർവകലാശാല മേയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബി.എം - എം.എ.എം (2015 സ്കീം) പരീക്ഷഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്ക് ഫെബ്രുവരി 28 വരെ അപേക്ഷിക്കാം.

തിരുവനന്തപുരം.
14.02.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098